# നമ്മുടെ മക്കൾ എങ്ങനെ പഠിക്കണം?

എം. എം. അക്ബർ

''എല്ലാ കുട്ടികളും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്. എന്നിട്ട് അവൻെറ മാതാപിതാക്കളാണ് അവനെ യഹൂദിയും ക്രിസ്ത്യാനിയും മജൂസിയുമാക്കുന്നത്''. അബൂഹുറയ്റ(റ) നിവേദനം ചെയ്ത് ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച പ്രസിദ്ധമായ ഹദീഥ്. ഇസ്ലാമാണ് പ്രകൃതിമതമെന്നും മാതാപിതാക്കളും സാഹചര്യങ്ങളുമാണ് മനുഷ്യരെ പ്രകൃതിപൂജകരും ബഹുദൈവാരാധകരുമാക്കിത്തീർക്കുന്നതെന്നും വ്യക്തമാക്കുന്ന നബിവചനം. ജന്മപാപമെന്ന ക്രൈസ്തവ മിഥ്യയെ തകർക്കുന്ന തിരുമൊഴി. ഇതിനെല്ലാം അപ്പുറത്ത് , കുട്ടിയുടെ സ്വഭാവരൂപീകരണത്തിലും വിശ്വാസദൃഢീകരണത്തിലും മാതാപിതാക്കളുടെ പങ്ക് വ്യക്തമാക്കുന്നതല്ലേ ഈ പ്രവാചകാധ്യാപനം? വിദ്യാലയങ്ങൾ തുറക്കുകയും കുട്ടികളെല്ലാം പള്ളിക്കൂടങ്ങൾക്കനുസരിച്ച് മെരുങ്ങുകയും ചെയ്തുകഴിഞ്ഞ ഈ അവസരത്തിൽ പ്രസിദ്ധമായ ഈ നബിവചനത്തിൻെറ അത്തരമൊരു പരിപ്രേക്ഷ്യമുള്ള അവലോകനവും പഠനവും അനിവാര്യമാണെന്ന് തോന്നുന്നു.

കുട്ടിയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രായമാണ് മൂന്നുവയസ്സുവരെയുള്ള പ്രായമെന്ന് അറിയാവുന്ന എത്ര മാതാപിതാക്കളുണ്ട് നമുക്കിടയിൽ? ഈ പ്രായത്തിലാണ് തനിക്കു ചുറ്റുമുള്ള കാര്യങ്ങളെക്കുറിച്ച കൃത്യമായ അടിസ്ഥാന വിവരങ്ങൾ കുട്ടി ശേഖരിക്കുന്നത്. ബോധപൂർവമല്ലാതെ നടക്കുന്ന ഈ വിവര ശേഖരണത്തിൻെറ അടിസ്ഥാനത്തിലാണ് തൻെറ ജീവിതത്തിൽ പിന്നീടുണ്ടാകുന്ന കാര്യങ്ങളെയെല്ലാം മനുഷ്യൻ വിലയിരുത്തു ന്നത്. മനുഷ്യമസ്തിഷ്കത്തെ ഒരു കംപ്യൂട്ടറിനോട് ഉപമിക്കാമെങ്കിൽ ജനിക്കുമ്പോൾ അവന് ലഭിക്കുന്നത് കേവലം ഹാർഡ്വെയർ മാത്രമാണ്. ആദ്യത്തെ മൂന്നുവയസ്സിനുള്ളിലാണ് പ്രസ്തുത ഹാർഡ്വെയറിനകത്തെ പ്രോഗ്രാമിംഗ് രൂപപ്പെടുന്നത്. തൻെറ ചുറ്റുമുള്ള ലോകത്തെക്കുറിച്ച കേവലവിവരം മാത്രമല്ല; പ്രസ്തുത ലോകത്ത് തൻെറ സ്ഥാനമെന്താണെന്നും ആ സ്ഥാനത്തിനനുസരിച്ച് താൻ എങ്ങനെ പ്രതികരിക്കണമെന്നുമെല്ലാമുള്ള 'അറിവുകൾ' അവൻ അറിയാതെത്തന്നെ ഈ പ്രായത്തിനുള്ളിൽ അവൻെറ തലച്ചോറ് സ്വാംശീകരിച്ചിരിക്കും. ഈ അറിവിൻെറ അടിസ്ഥാനത്തിലേ പിന്നെയവന് ലോകത്തെ കാണാനാവൂ. മാതാവിൻെറ മടിത്തട്ടാണ് ഈ അറിവിനാവശ്യമായ അടിത്തറയൊരുക്കുന്നത്. മുലപ്പാലിനോടൊപ്പം താൻ എന്താണെന്നും എങ്ങനെയാവണമെന്നുമുള്ള വിവരങ്ങൾ കൂടി മാതാവിൻെറ മടിത്തട്ടിൽനിന്ന് അവൻ നേടിയെടുക്കുന്നു. 'വിഡ്ഢിപ്പെട്ടി'കളിലെ ക്രിമിനൽ കാഴ്ചകളും കലാപങ്ങളും കണ്ടുവളരുന്ന കുട്ടി സാമൂഹ്യദ്രോഹിയാകുന്നുവെങ്കിൽ അതിന് അവനെ മാത്രം കുറ്റം പറയുന്നതുകൊണ്ട് കാര്യമൊന്നുമില്ല. നടേ പറഞ്ഞ പ്രവാചക വചനത്തിൻെറ വരുതിയിൽ സാമൂഹ്യദ്രോഹികളെയും ക്രിമിനലുകളെയും അടയിരുന്ന് ജനിപ്പിക്കുന്ന മാതാപിതാക്കൾകൂടി വരുന്നില്ലേയെന്ന് നാം ചിന്തിക്കണം.

ബോധപൂർവം കാര്യങ്ങളെക്കുറിച്ച അറിവ് സമ്പാദിക്കുന്നത് മൂന്നു മുതൽ ആറുവരെ വയസ്സുകൾക്കിടയിലാണ്. ഈ സമയത്താണ് നാം അവരെ സ്കൂളിലേക്കയക്കുന്നത്. നല്ല സ്കൂളുകളിൽ തങ്ങളുടെ കുഞ്ഞുങ്ങൾ പഠിക്കണമെന്ന് എല്ലാ രക്ഷിതാക്കളും ആഗ്രഹി ക്കുന്നു. അങ്ങനെ ആഗ്രഹിക്കുകയും വേണം. എന്നാൽ നല്ല സ്കൂളിൻെറ നിർവചനമെന്താണ്? ഭാഷയും ഗണിതവും ശാസ്ത്രവും നന്നായി കൈകാര്യം ചെയ്യുന്ന അധ്യാപകരുടെ ശിക്ഷണത്തിൽ തന്നെ കുഞ്ഞുങ്ങൾ വളരണമെന്ന് ശാഠ്യം പിടിക്കുമ്പോൾ തന്നെ ഇസ്ലാമികമായ സംസ്കാരവും മുസ്ലിമാണെന്നതിൽ ഔന്നത്യബോധം നൽകുന്നതുമായ ഒരു വിദ്യാഭ്യാസാന്തരീക്ഷത്തിലായിരിക്കണം അവരുടെ വളർച്ചയെന്നുകൂടി നാം ആഗ്രഹിക്കേണ്ടതല്ലേ? ബഹുദൈവാരാധനയോട് ബഹുമാനവും ഇസ്ലാമികമൂല്യങ്ങളോട് വെറുപ്പും മുസ്ലിമാണെന്നതിൽ പതിതബോധവും സൃഷ്ടിക്കുന്ന അന്തരീക്ഷം നിലനിൽക്കുന്ന സ്ഥാപനങ്ങൾ എത്ര നന്നായി ഭാഷാപഠനവും ശാസ്ത്ര-സാങ്കേതിക വിജ്ഞാനങ്ങളും പകർന്നു നൽകുന്നുണ്ടെങ്കിലും അവിടേക്ക് തങ്ങളുടെ പൊന്നുമക്കളെ പറഞ്ഞയക്കുന്നവർകൂടി നടേ പറഞ്ഞ ഹദീഥിലെ മാതാപിതാക്കളുടെ വരുതിയിലല്ലേയെന്ന് നാം ആലോചിക്കണം.

അടിസ്ഥാനപരമായി വിദ്യാഭ്യാസത്തെക്കുറിച്ച നമ്മുടെ കാഴ്ചപ്പാടുതന്നെ മാറേണ്ടതുണ്ട്. ഭിഷഗ്വരനെയും സാങ്കേതിക വിദഗ്ധനെയും ഉദ്യോഗസ്ഥനെയുമെല്ലാം സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിൻെറ ധർമമെ

ന്ന പൊതുധാരണയ്ക്കനുസരിച്ച് ചിന്തിക്കേണ്ടവനല്ല മുസ്‌ലിം. മനുഷ്യനെ വളർത്തുകയാണ് വിദ്യാഭ്യാസത്തിൻെറ ധർമം. കേവല ശരീരമല്ല മനുഷ്യനെന്നും അവനെ അവനാക്കുന്നത് ആത്മാവാണെന്നും മനസ്സിലാക്കുവാനാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ആത്മീയമായ ഔന്നത്യത്തിന് ഖുർആനും സുന്നത്തും വരച്ചുകാണിക്കുന്നതല്ലാത്ത മറ്റെന്തെങ്കിലും മാർഗമുണ്ടെന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നില്ല. അപ്പോൾ മനുഷ്യാസ്തിത്വത്തിൻെറ പൂർണ വളർച്ചയ്ക്ക് ഇസ്‌ലാമികമൂല്യങ്ങൾ പാലിക്കപ്പെടുന്ന അന്തരീക്ഷത്തിൽ തന്നെ വിദ്യ അഭ്യസിപ്പിക്കപ്പെടണം. പ്രസ്തുത അന്തരീക്ഷം വീടുകളിൽ സൃഷ്ടിക്കുവാൻ നമുക്ക് കഴിയണം. ഇസ്‌ലാമികമൂല്യങ്ങളുൾക്കൊള്ളുന്ന അന്തരീക്ഷത്തിലിരുന്ന് ഭാഷയും ശാസ്ത്രവും ഗണിതവുമെല്ലാം ഏറ്റവും നന്നായിത്തന്നെ പഠിപ്പിക്കപ്പെടുന്നവരായിത്തീരണം നമ്മുടെ മക്കൾ. അത്തരത്തിലുള്ള അന്തരീക്ഷമുള്ള സ്ഥാപനങ്ങൾ ഉണ്ടായി വരണം. എങ്കിൽ മാത്രമെ ജൂത-ക്രൈസ്തവരുടെ പതിതാവസ്ഥയിൽനിന്ന് രക്ഷപ്പെടാൻ നമുക്ക് കഴിയുകയുള്ളൂ. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ.